## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: *82 | 14.01.2021-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ : | | എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസനിലവാരം മറ്റ് വിഭാഗക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ പിന്നാക്കമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | എ) & ബി) | ഇല്ല. പ്രദേശപരമായ ഒറ്റപ്പെടൽ, മറ്റു ഭൗതിക സാഹചര്യങ്ങളുടെ കുറവ് എന്നീ കാരണങ്ങളാൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ശരിയാംവണ്ണം ഉപയോഗിക്കുവാൻ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിമിതികളുണ്ട്. ഇവ മറികടക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അതിനാൽ ഇവരുടെ വിദ്യാഭ്യാസ നിലവാരത്തിൽ കാര്യമായ ഉയർച്ച ദൃശ്യമാണ്. 2019-20 അധ്യയനവർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ പട്ടികവർഗ വിദ്യാർത്ഥികളുടെ വിജയശതമാനം 88% ഉം +2 പരീക്ഷ എഴുതിയ പട്ടികവർഗ വിദ്യാർത്ഥികളുടെ വിജയശതമാനം 67 ശതമാനവുമാണ്. പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ വിജയശതമാനം 100% ആണ്. +2 പാസായ വിദ്യാർത്ഥികളുടെ വിജയശതമാനം 80.16% ആണ്. 2019-20 ൽ നിലവിൽ പട്ടികവർഗക്കാരായ 376 വിദ്യാർത്ഥികൾ വിവിധ മെഡിക്കൽ കോഴ്സുകൾക്കും 324 വിദ്യാർത്ഥികൾ എഞ്ചിനിയറിംഗ് കോഴ്സുകൾക്കും പഠനം നടത്തി വരുന്നു. എം.ബി.എ, എം.സി.എ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകൾക്ക് 54 വിദ്യാർത്ഥികളും, പി.എച്ച്.ഡി-18, എം.ഫിൽ-12, പി.ജി.-606 വിദ്യാർത്ഥികളും, ബി.എഡ്, ബി.എസ്.സി. നേഴ്സിംഗ്, ബിഫാം തുടങ്ങിയ കോഴ്സുകൾക്ക് 240 വിദ്യാർത്ഥികളും എൽ.എൽ.ബി/എൽ.എൽ.എം കോഴ്സിന് 42 വിദ്യാർത്ഥികളും, ബിരുദ കോഴ്സുകൾക്ക് 4464 വിദ്യാർത്ഥികളും, തൊഴിലധിഷ്ഠിത ഡിപ്ലോമ കോഴ്സുകൾക്ക് 853 വിദ്യാർത്ഥികളും, ടി.ടി.സി/ഡി.എഡ് കോഴ്സിന് 354 വിദ്യാർത്ഥികളും, ഹയർ സെക്കന്ററി തലത്തിൽ 8334 വിദ്യാർത്ഥികളും, ഒന്നു മുതൽ 10-ാം |
| ബി) | അതിനുള്ള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| | | | ക്ലാസ് വരെ 73434 പട്ടികവർഗ വിദ്യാർത്ഥികളും പഠനം നടത്തി വരുന്നു. ഈ വസ്തുതകൾ പരിഗണിക്കുമ്പോൾ പട്ടികവർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മറ്റ് വിഭാഗക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ പിന്നാക്കമല്ലെന്ന് വ്യക്തമാണ്. |
| സി) | അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ; | സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. <u>സാമൂഹ്യപഠനമുറി</u><br><br>പട്ടികവർഗ്ഗകുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠനസൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി 2017-18 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി ദേശീയതലത്തിൽതന്നെ ശ്രദ്ധേയമായ പദ്ധതിയാണ് സാമൂഹ്യപഠനമുറി. 2017-18 വർഷം 100 പഠനമുറികൾ ആരംഭിച്ചു. ടി പഠനമുറികൾ വഴി 3000 കുട്ടികൾക്ക് പഠനസൗകര്യം ലഭ്യമാക്കി വരുന്നു. 2018-19 ൽ 150 പഠനമുറികൾ ആരംഭിച്ച് 4500 വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ലഭ്യമാക്കി വരുന്നു. ഇവയിൽ 250 പഠനമുറികളുടെ പണി പൂർത്തീകരിക്കുകയും ചെയ്തു. ടി പഠനമുറികൾ പ്രവർത്തന സജ്ജമാക്കുന്നതിന് ഫെസിലിറ്റേറ്റർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യ പഠനമുറികളിലായി 7392 വിദ്യാർത്ഥികൾ പഠനം നടത്തി വരുന്നു. വിശദ വിവരം അനുബന്ധം (2) ൽ ചേർക്കുന്നു.<br><br>2. <u>ഗോത്രബന്ധു</u> - വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലിനൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, അട്ടപ്പാടി മേഖലകളിലായി 267 മെന്റർ ടീച്ചർമാരെ നിയമിച്ചു. ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) 30 പേരെയും മലപ്പുറം ജില്ലയിൽ 29 പേരെയും കൂടി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പഠന മുറി, ഗോത്രബന്ധു പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് 1.42 ശതമാനമായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. |

3. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം -

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 20 എം.ആർ.എസു കളെയും യുണിസെഫ് നിഷ്കർഷിക്കുന്ന അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ് റൂം, 11 എം.ആർ.എസുകളിൽ കംപ്യൂട്ടർ ലാബ്, 8 സയൻസ് ലാബ്, 15 ലാംഗ്വേജ് ലാബ്, 16 എം.ആർ.എസുകളിൽ സ്കൂൾ റേഡിയോ, 16 എം.ആർ.എസുകളിൽ സ്റ്റീം കിച്ചൻ, 10 എം.ആർ.എസുകൾ മൾട്ടി പർപ്പസ് കോർട്ടുകൾ, 18 എം.ആർ.എസുകളിൽ മിനി മാസ്റ്റ് ലൈറ്റ്, 1 എം.ആർ.എസിൽ ഖരദ്രാവകമാലിന്യ സംസ്കരണ പ്ലാന്റ്, 18 എം.ആർ.എസുകളിൽ ജലശുദ്ധീകരണ പദ്ധതി, 13 എം.ആർ.എസുകളിൽ നാപ് കിൻ വെൻഡിംഗ് മെഷീൻ, 9 എം.ആർ.എസുകളിൽ ഔട്ട്ഡോർ ഫിറ്റ്നെസ് സെന്റർ, 17 ഡിജിറ്റൽ ലൈബ്രറി, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ അഗ്നി പ്രതിരോധസംവിധാനം, 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സി.സി.റ്റി.വി എന്നിവ സ്ഥാപിച്ചു. കൂടാതെ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കരിയർ ഗൈഡൻസ് & കൗൺസലിംഗ്, കണിയാമ്പറ്റ എം.ആർ.എസ്.ൽ ആർച്ചെറി പരിശീലന കേന്ദ്രം എന്നിവ നടപ്പിലാക്കി. വിശദ വിവരം അനുബന്ധം (1) ൽ ചേർക്കുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.ക്ക് 100 % വും +2 വിന് 80.16 % വിജയവും നേടാൻ കഴിഞ്ഞിട്ടുണ്ട്.

4. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ

നവീകരണം -

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 114 പ്രീമെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ ഭൗതിക സാഹചര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി നിർമ്മാണ നവീകരണത്തിനായി 12.34 കോടി രൂപയും ഫർണിച്ചർ, കിടക്ക, തലയണ എന്നിവയ്ക്കായി 61.70 ലക്ഷം രൂപയും ചെലവഴിച്ചു. 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ +2 ബാച്ചുകളിൽ കുട്ടികളുടെ എണ്ണം 35 ൽ നിന്നും 50 ആയി വർദ്ധിപ്പിക്കുകയും ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂളിലും ഇടുക്കി മോഡൽ റസിഡൻഷ്യൽ സ്കൂളിലും പുതുതായി +2 ബാച്ചുകൾ ആരംഭിക്കുകയും ചെയ്തു.

2019-20 അദ്ധ്യയന വർഷം എസ്.എസ്.എൽ.സി-ക്ക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് 91.9% വിജയം നേടാൻ

കഴിഞ്ഞിട്ടുണ്ട്.

5. <u>സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷ പരിശീലന പദ്ധതി</u> -

അട്ടപ്പാടിയിലെ സ്കൂളുകളിൽ നാലാം ക്ലാസ്സിൽ പഠിക്കുന്ന 100 പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് വർഷം തോറും സൈനിക സ്കൂൾ, നവോദയ സ്കൂൾ പ്രവേശന പരീക്ഷയ്ക്ക് പരിശീലനം നൽകി വരുന്നു. പരിശീലനം ലഭിച്ചതിൽ 23 വിദ്യാർത്ഥികൾക്ക് വിവിധ സൈനിക-നവോദയ സ്കൂളുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്.

6. <u>ലാപ്ടോപ്പ് വിതരണം</u>-

ലാപ്ടോപ്പ് വിതരണത്തിന് അർഹതയുള്ള കോഴ്സുകളുടെ എണ്ണം 2017-18 വർഷം വരെ 12 ആയിരുന്നു. 2018-19 വർഷം മുതൽ കോഴ്സുകളുടെ എണ്ണം 32 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം 2018-19 വർഷം 420 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു. 2020-21 വർഷം 314 കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തു വരുന്നു.

7. <u>വിദേശപഠനത്തിനുള്ള ധനസഹായം</u> -

സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. 2016-17 വർഷം മുതൽ 2020-21 വരെ ആകെ 6 കുട്ടികൾക്ക് വിദേശപഠന സ്കോളർഷിപ്പിനായി 1,50,76,676/- രൂപ അനുവദിച്ചു.

8. <u>നൈപുണ്യ വികസന പദ്ധതി</u> - 2016-17 വർഷം മുതൽ 2020-21 വർഷം വരെ തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമായി 28 സർക്കാർ അംഗീകൃത ഏജൻസികൾ മുഖേന 53 കോഴ്സുകളിലായി 5355 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി. ഇവരിൽ 2646 പേർക്ക് തൊഴിൽ ഉറപ്പ് വരുത്തി. ടി പരിശീലനത്തിന്റെ ഭാഗമായി 22 കുട്ടികൾക്ക് വിദേശത്ത് തൊഴിൽ ലഭ്യമായിട്ടുണ്ട്.

9. <u>കരിയർ ഗൈഡൻസ് ജോബ് ഫെയർ</u> -

2018-19 വർഷം ഇടുക്കി, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ 1400 യുവതീയുവാക്കളെയും വിവിധ തൊഴിൽ ദായക പ്രൈവറ്റ് സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് ജോബ് ഫെയർ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ താൽപര്യമനുസരിച്ചുള്ള നൈപുണ്യ വികസന പരിപാടികൾക്ക് രൂപം നൽകാൻ കഴിഞ്ഞു. കൂടാതെ 2019-

| | | | |
|---|---|---|---|
| | | | 20 ജൂലൈ മാസത്തിൽ തൊഴിൽ അവബോധ ക്യാമ്പ് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. ഓരോ ക്യാമ്പിലും പ്ലസ് 2, ഐ.റ്റി.ഐ, നഴ്സിംഗ്, ബിരുദം തുടങ്ങിയവ നേടിയ 200 ഓളം പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും അവരവരുടെ അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സുകൾ തെരഞ്ഞെടുക്കുകയും ചെയ്തു.<br><br>10. <u>സെന്റർ ഫോർ സ്കിൽ എക്സലൻസ്</u> -<br><br>2017-18 ൽ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലനം സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടെക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡിയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്സ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.<br><br>11. <u>വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്</u> -<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. വിജയശതമാനം 87.13 ഉം പ്ലസ് ടു വിജയശതമാനം 65.24 ഉം ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ 18,329 കുട്ടികൾ പഠനം നടത്തിവരുന്നു.<br><br>പട്ടികവർഗത്തിൽപ്പെട്ട അധ്യാപകയോഗ്യതയുള്ള യുവതീ യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഗോത്രബന്ധു പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.<br><br>12) <u>ഗോത്ര സാരഥി പദ്ധതി</u><br><br>വിദൂരമായ പ്രദേശങ്ങളിൽ നിന്നും വിദ്യാർത്ഥികളെ വാഹന സൗകര്യം ഏർപ്പെടുത്തി സ്കൂളിലെത്തിക്കുന്ന ഗോത്രസാരഥി പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നുണ്ട്. |
| ഡി) | 500 സാമൂഹ്യപഠനമുറികൾ ഒരുക്കുമെന്ന് പ്രഖ്യാപിച്ചുവെങ്കിലും അതിൽ ചെറിയൊരു ശതമാനം മാത്രമേ ഇതിനകം പൂർത്തിയാക്കുവാൻ സാധിച്ചുള്ളുവെന്നത് | ഡി) | പട്ടികവർഗ വികസന വകുപ്പ് അംബേദ് കർ സെറ്റിൽമെന്റ് പദ്ധതിയിൽ 100 സാമൂഹ്യ പഠനമുറികൾ ഉൾപ്പെടുത്തി ആകെ 500 സാമൂഹ്യ പഠനമുറികൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 250 |

| | | | |
|---|---|---|---|
| | വസ്തുതയാണോ; | | സാമൂഹ്യ പഠനമുറികൾ പൂർത്തീകരിച്ച് പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ച സാമൂഹ്യ പഠനമുറികളുടെ വിശദവിവരം അനുബന്ധം-(3)ൽ ചേർക്കുന്നു. 250 സാമൂഹ്യപഠനമുറികളിൽ 100 സാമൂഹ്യ പഠനമുറികളുടെ നിർമ്മാണം അംബേദ് ക്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തിനാണ് തീരുമാനിച്ചിട്ടുളളത്. ആയതിലേക്ക് കെട്ടിട സൗകര്യം ലഭ്യമായ 114 കോളനികളും, കെട്ടിട സൗകര്യമില്ലാത്ത 125 കോളനികളും കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരം അനുബന്ധം (4) ൽ ചേർക്കുന്നു. |
| ഇ) | ഈ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി സമൂഹത്തിലെ മറ്റ് വിഭാഗത്തിലുള്ള വിദ്യാർത്ഥികളുമായി മത്സരിക്കുന്നതിന് അവരെ പ്രാപ്തരാക്കു ന്നതിന് ആവശ്യമായ അടിയന്തര ഇടപെടലുകൾ നടത്തുമോ? | ഇ) | പട്ടികവർഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി സമൂഹത്തിലെ മറ്റ് വിഭാഗത്തിലുള്ള വിദ്യാർത്ഥികളുമായി മത്സരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് പട്ടികവർഗ വികസന വകുപ്പ് ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. ഇതിനുപുറമെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.സി.സി, എൻ.എസ്.എസ്. മുതലായ പദ്ധതികളിലും പട്ടികവർഗ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുന്നുണ്ട്. വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ ഈ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>വിദ്യാർത്ഥികളുടെ കായിക മികവ് തെളിയിക്കു ന്നതിനായി വകുപ്പിന് കീഴിലുള്ള എം.ആർ.എസ്, പ്രീമെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികൾക്കു വേണ്ടി കളിക്കളം എന്ന പേരിൽ കായിക മേളകൾ സംഘടിപ്പിക്കുന്നുണ്ട്. കാര്യവട്ടത്തുള്ള 'ലക്ഷ്മീബായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ' (LNCPE)യുടെ സഹകരണത്തോടെയാണ് ഇത് നടത്തി വരുന്നത്.<br><br>പട്ടികവർഗ വിദ്യാർത്ഥികളുടെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനായി 'സർഗോത്സവം' എന്ന പേരിൽ യുവജനോത്സവം സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിൽ വിജയികളാകുന്നവർക്ക് എസ്.എസ്.എൽ.സി, +2 പരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

## പട്ടികവർഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ പഠനാന്തരീക്ഷവും അധ്യാപനവും മികച്ചതാക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ

1. **സ്മാർട്ട് ക്ലാസ്സ്റൂം**

വകുപ്പിന് കീഴിലുള്ള 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ആധുനിക പഠനരീതിയുടെ ഭാഗമായി പഠനപ്രക്രിയ ആയാസരഹിതവും ആനന്ദകരവുമാക്കുന്നതിനായി 30 സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിച്ചിട്ടുണ്ട്. +2 തലം വരെയുള്ള 12 സ്കൂളുകളിൽ 2 വീതം സ്മാർട്ട് ക്ലാസ്സ്റൂമുകളും 10 വരെയുള്ള സ്കൂളുകളിൽ ഒരു സ്മാർട്ട് ക്ലാസ്സ് റൂമുമാണ് സജ്ജീകരിച്ചിട്ടുള്ളത്.

2. **കംപ്യൂട്ടർ ലാബ്**

വകുപ്പിന് കീഴിലുള്ള എല്ലാ എം.ആർ.എസ്സുകളിലും ഒരേ സമയം 40 കുട്ടികൾക്ക് കംപ്യൂട്ടറുകൾ ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ കംപ്യൂട്ടർ ലാബ് സജ്ജീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ക്ലാസ്സുകൾ നിലവിലുള്ള സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി പ്രത്യേക കംപ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്.

3. **സയൻസ് ലാബ്**

വകുപ്പിന് കീഴിലുള്ള 18 എം.ആർ.എസ്സുകളിൽ സയൻസ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

4. **ലാംഗ്വേജ് ലാബ്**

വകുപ്പിന് കീഴിലുള്ള 18 എം.ആർ.എസ്സുകളിൽ പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രഹണ ശക്തിയും ഉച്ചാരണവും മെച്ചപ്പെടുത്തുന്നതിനായി വിവിധ ഭാഷകളിലുള്ള നൈപുണ്യം വികസിപ്പിക്കുന്നതിനുമായും ലാംഗ്വേജ് ലാബ് സജ്ജീകരിച്ചിട്ടുണ്ട്.

5. **സ്കൂൾ റേഡിയോ**

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസുകളിലെ വിദ്യാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽ വികസിപ്പിക്കുന്നതിനും വിദ്യാർത്ഥികളുടെ ആത്മവിശ്വാസം, വ്യക്തിത്വം, ആശയ വിനിമയം എന്നിവ വളർത്തിയെടുക്കുന്നതിനും വിജ്ഞാന പ്രദമായ രീതിയിൽ അദ്ധ്യയനം നടത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 16 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്ക്കൂൾ റേഡിയോ സ്ഥാപിച്ചിട്ടുണ്ട്.

6. **കരിയർ ഗൈഡൻസ് & കൗൺസലിംഗ്**

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ഹോസ്റ്റലുകളിലും ഹൈസ്കൂൾ മുതൽ +2 തലം വരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അനുയോജ്യമായ മേഖലയിൽ തുടർ പഠനം നടത്തുന്നതിനാവശ്യമായ മാർഗനിർദ്ദേശം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ടി മേഖലയിലെ വിദഗ്ദ്ധരായ അധ്യാപകരാണ് വിദ്യാർത്ഥികൾക്കനുയോജ്യമായ മാർഗനിർദ്ദേശം നൽകുന്നത്. കൂടാതെ വിദ്യാർത്ഥികൾക്ക് ശുഭാപ്തിവിശ്വാസം ജീവിതമൂല്യങ്ങൾ എന്നിവ വളർത്തുന്നതിനും സ്വഭാവ രൂപീകരണം നടത്തുന്നതിനുമായി കൗൺസിലിംഗ് സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. എസ്.എസ്.എൽ.സി. +2 വിദ്യാർത്ഥികളുടെ വാർഷിക പരീക്ഷക്ക് തയ്യാറെടുക്കുമ്പോളുണ്ടാകുന്ന മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും പ്രത്യേക കൗൺസിലിംഗ് ഇതോടൊപ്പം നടത്തിവരുന്നുണ്ട്.

പട്ടികവർഗ വികസന വകുപ്പിന് കീഴിലുള്ള എം.ആർ.എസ്-കളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിവിധ രീതിയിലുള്ള സ്വഭാവ വൈകാരിക മാനസികപ്രശ്നങ്ങൾക്ക് വിദഗ്ദ്ധ പരിഹാരണം ഉറപ്പ് വരുത്തുന്നതിനും മോട്ടിവേഷൻ നൽകുന്നതിനും ടി ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന പദ്ധതി വനിതാ ശിശു വികസന വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു.

7. കരിയർ ഗൈഡൻസ് സെൽ

എം.ആർ.എസ്. ലെ വിദ്യാർത്ഥികളുടെ അഭിരുചികൾ മനസ്സിലാക്കി തുടർ പഠനത്തിന് അനുയോജ്യമായ വിവിധ കോഴ്സുകളെക്കുറിച്ച് ബോധവത്കരണം നടത്തുക. അവർക്കിണങ്ങിയ മേഖലയിൽ തുടർപഠനം നടത്തുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് മുഖ്യ ലക്ഷ്യം.

8. എം.ആർ.എസുകളിലും ഹോസ്റ്റലുകളിലും ട്യൂട്ടർമാരുടെ സേവനം

ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിനായി ട്യൂട്ടർമാരെ നിയമിച്ചിട്ടുണ്ട്. സ്കൂൾ സമയം കഴിഞ്ഞുള്ള സമയങ്ങളിലും അവധി ദിവസങ്ങളിലും അന്തേവാസികളുടെ പഠന കാര്യങ്ങളിൽ സഹായിക്കുക, ടി വിദ്യാർത്ഥികളെ അച്ചടക്കത്തോടും ചിട്ടയോടും കൂടി ആയിരിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകുക എന്നിവ ട്യൂട്ടർമാരുടെ ചുമതലയാണ്.

## 9. ഡിജിറ്റൽ ലൈബ്രറി

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ് കളിലെ ലൈബ്രറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി 18 മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും സർക്കാർ ഉത്തരവ് (ആർ.റ്റി) നം. 548/18 പജപവവിവ തീയതി 28/4/18 പ്രകാരം കരാർ അടിസ്ഥാനത്തിൽ ലൈബ്രേറിയൻമാരെ നിയമിക്കുകയുണ്ടായി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ് കളിലെ ലൈബ്രറികൾ ഡിജിറ്റൽ രൂപത്തിലാക്കി ആധുനിക വത്കരിക്കുന്നതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ 13 എം.ആർ.എസ്. കളിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## പട്ടികവർഗ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തി സമൂഹത്തിലെ മറ്റ് വിഭാഗത്തിലുള്ള വിദ്യാർത്ഥികളുമായി മത്സരിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് പട്ടികവർഗ വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1 ഗോത്രബന്ധു പദ്ധതി

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക പട്ടികവർഗ്ഗത്തിൽപ്പെട്ട അഭ്യസ്തവിദ്യർക്ക് ജോലിനൽകുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് സ്ക്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി പ്രകാരം വയനാട്, അട്ടപ്പാടി മേഖലകളിൽ 267മെന്റർ ടീച്ചർമാരെ നിയമിച്ചു. ടി പദ്ധതി പ്രകാരം 13620 കുട്ടികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.കൂടാതെ പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ) മലപ്പുറം ജില്ലകളിൽ 59 പേരെകൂടി നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

2 സമഗ്ര - സാക്ഷരതാ പദ്ധതി

പട്ടികവർഗ വിദ്യാർത്ഥികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന് സാക്ഷരത മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണിത്.

പട്ടികവർഗ കോളനികളിൽ സാക്ഷരത മിഷൻ മുഖേന പഠനക്ലാസുകൾ നടത്തി വിവിധ ക്ലാസുകളിലെ തുല്യത പരീക്ഷയ്ക്ക് പട്ടികവർഗക്കാരെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

3 സെന്റർ ഓഫ് സ്കിൽ എക്സലൻസ്-

2017-18 ൽവകുപ്പിന്റെ കീഴിൽ തിരവനന്തപുരത്ത് മണ്ണന്തലയിൽ സെന്റർ ഓഫ് സ്കിൽ എക്സലൻസ് എന്ന പരിശീലനം സ്ഥാപനം ആരംഭിച്ചു. ടി സ്ഥാപനം മുഖേന ഇൻഫർമേഷൻ ടേക്നോളജിയിൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ഡെസ്ക് ടോപ്പ് എഞ്ചിനീയറിംഗ്, നെറ്റ് വർക്കിംഗ് മൾട്ടി മീഡീയ, ഹാർഡ് വെയർ & സോഫ്റ്റ് വെയർ മെയിന്റനൻസ് എന്നീ മേഖലകളിൽ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി 128 വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് പരിശീലനം പൂർത്തിയാക്കി പ്ലേസ്മെന്റ് ഉറപ്പാക്കിയിട്ടുണ്ട്.

4 വിദ്യാഭ്യാസ സ്കോളർഷിപ്പ് വർദ്ധനവ്

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് 25% വർദ്ധിപ്പിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തു ന്നതിന് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചത് വഴി 2019-20 അദ്ധ്യയന വർഷം പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എസ്.എസ്.എൽ.സി. വിജയശതമാനം 87.13 ഉം പ്ലസ്ടു വിജയശതമാനം 65.24 ഉം ആയി ഉയർത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലവിൽ 18,329 കുട്ടികൾ പഠനം നടത്തി വരുന്നു.

5 മെന്റർ ടീച്ചർമാരുടെ നിയമനം

പട്ടികവർഗത്തിൽപ്പെട്ട അധ്യാപകയോഗ്യതയുള്ള യുവതി യുവാക്കളെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ മെന്റർ ടീച്ചർമാരായി നിയമിക്കുന്ന ഈ പദ്ധതി പ്രകാരം വയനാട് ജില്ലയിൽ 241 പേരെ നിയമിച്ചു.

അട്ടപ്പാടിയിലെ 21 സ്കൂളുകളിൽ 26 മെൻർ ടീച്ചർമാരെ ഈ പദ്ധതി പ്രകാരം നിയമിച്ചു.

പാലക്കാട് (അട്ടപ്പാടി ബ്ലോക്ക് ഒഴികെ), മലപ്പുറം, ജില്ലകളിലായി 59 പേരെ കൂടി നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

വയനാട് ജില്ലയിൽ 2016-17 വർഷം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ പഠിച്ചിരുന്ന 359 പട്ടികവർഗ്ഗ വിദ്യാർത്ഥികൾ കൊഴിഞ്ഞു പോയിരുന്നു. എന്നാൽ ഗോത്രബന്ധു പദ്ധതി നടപ്പിലാക്കിയതിന്റെ ഫലമായി 2017-18 വർഷത്തിൽ കൊഴിഞ്ഞു പോക്ക് 321 ആയും 2018-19 വർഷത്തിൽ 111 ആയും കുറയ്ക്കുവാനും 2019-20 വർഷത്തിൽ 63 ആയും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

അട്ടപ്പാടി ബ്ലോക്കിൽ പ്രൈമറി ക്ലാസ്സുകളിലെ കൊഴിഞ്ഞു പോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സാധിച്ചിട്ടുണ്ട്.

## അനുബന്ധം 2

| ക്രമ നം. | ജില്ല | സാമൂഹ്യ പഠനമുറികളുടെ എണ്ണം |
|---|---|---|
| 1 | കാസർഗോഡ് | 30 |
| 2 | കണ്ണൂർ | 28 |
| 3 | വയനാട് | 50 |
| 4 | കോഴിക്കോട് | 11 |
| 5 | മലപ്പുറം | 7 |
| 6 | തൃശ്ശൂർ | 7 |
| 7 | പാലക്കാട് | 42 |
| 8 | എറണാകുളം | 3 |
| 9 | ഇടുക്കി | 32 |
| 10 | കോട്ടയം | 8 |
| 11 | പത്തനംതിട്ട | 6 |
| 12 | കൊല്ലം | 8 |
| 13 | തിരുവനന്തപുരം | 18 |
| **ആകെ** | | **250** |

അനുബന്ധം-3

## പൂർത്തിയായ സാമൂഹ്യ പഠനമുറികളുടെ വിശദ വിവരങ്ങൾ

| | ജില്ല | പഞ്ചായത്ത് | കോളനി |
|---|---|---|---|
| 1 | തിരുവനന്തപുരം | വിതുര | തച്ചരുകാല |
| 2 | തിരുവനന്തപുരം | വിതുര | ചെറുമണലി |
| 3 | തിരുവനന്തപുരം | വിതുര | നാരകത്തിൻകാല |
| 4 | തിരുവനന്തപുരം | വിതുര | ചാത്തൻകോട് |
| 5 | തിരുവനന്തപുരം | വിതുര | മണിതൂക്കി |
| 6 | തിരുവനന്തപുരം | വിതുര | ഒഴുകുപാറ |
| 7 | തിരുവനന്തപുരം | വിതുര | കരിപ്പാലം |
| 8 | തിരുവനന്തപുരം | തൊളിക്കോട് | അരുവിയോട് |
| 9 | തിരുവനന്തപുരം | തൊളിക്കോട് | കാരയ്ക്കൻകോട് |
| 10 | തിരുവനന്തപുരം | ആര്യനാട് | തേവിയാരുകുന്ന് |
| 11 | തിരുവനന്തപുരം | കുറ്റിച്ചൽ | മണ്ണാംകോണം |
| 12 | തിരുവനന്തപുരം | അമ്പൂരി | ചാക്കപ്പാറ |
| 13 | തിരുവനന്തപുരം | പെരിങ്ങമല | ആലുംമൂട് |
| 14 | തിരുവനന്തപുരം | അമ്പൂരി | പുരവിമല |
| 15 | തിരുവനന്തപുരം | കുറ്റിച്ചൽ | വാലിപ്പാറ |
| 16 | തിരുവനന്തപുരം | താന്നിമൂട് | താന്നിമൂട് |
| 17 | തിരുവനന്തപുരം | വിതുര | പൊടിയക്കാല |
| 18 | തിരുവനന്തപുരം | വിതുര | തലത്തൂതക്കാവ് (സംസ്ഥാനതല ഉദ്ഘാടനം കഴിഞ്ഞു) |
| 19 | കൊല്ലം | ചിതറ | വഞ്ചിയോട് |
| 20 | കൊല്ലം | പിറവന്തൂർ | കുരിയോട്ടുമല |
| 21 | കൊല്ലം | കുളത്തൂപ്പുഴ | വില്ലുമല |
| 22 | കൊല്ലം | ചിതറ | കൊച്ചരിപ്പ |
| 23 | കൊല്ലം | കുളത്തൂപ്പുഴ | കുഴവിയോട് |
| 24 | കൊല്ലം | ആര്യങ്കാവ് | അച്ചൻകോവിൽ |
| 25 | കൊല്ലം | കുളത്തുപ്പുഴ | കടമാൻകോട് |
| 26 | ആലപ്പുഴ | കുമാരപുരം | ചെന്നാട്ട് |
| 27 | പത്തനംതിട്ട | ചിറ്റാർ | പാമ്പിനി |
| 28 | പത്തനംതിട്ട | ചിറ്റാർ | കൊടുമുടി |
| 29 | പത്തനംതിട്ട | നാറാണമൂഴി | അടിച്ചിപുഴ |
| 30 | പത്തനംതിട്ട | നാറാണമൂഴി | കുരുമ്പൻമൂഴി |

| | | | |
|---|---|---|---|
| 31 | പത്തനംതിട്ട | നാറാണംമൂഴി | കരികുളം |
| 32 | പത്തനംതിട്ട | പെരിനാട് | അട്ടത്തോട് |
| 33 | കോട്ടയം | മുണ്ടക്കയം | പുലിക്കുന്ന് |
| 34 | കോട്ടയം | എരുമേലി | എരുത്വാപ്പുഴ |
| 35 | കോട്ടയം | കോരുത്തോട് | കോസടി |
| 36 | കോട്ടയം | പാറത്തോട് | ഇടക്കുന്നം |
| 37 | കോട്ടയം | മണർകാട് | വല്യൂഴം |
| 38 | കോട്ടയം | അതിരമ്പുഴ | ഇന്ദിരപ്രിയദർശിനി കോളനി |
| 39 | കോട്ടയം | മുന്നിലവ് | കുറുഞ്ഞിപ്ലാവ് |
| 40 | കോട്ടയം | മേലുകാവ് | കാഞ്ഞിരംകവല (എള്ളുമ്പുറം) |
| 41 | ഇടുക്കി | വിപ്പെറിയർ | വഞ്ചിവയൽ |
| 42 | ഇടുക്കി | കുമളി | പളിയക്കുടി |
| 43 | ഇടുക്കി | വാത്തിക്കുടി | വാത്തിക്കുടി |
| 44 | ഇടുക്കി | വാത്തിക്കുടി | തോപ്രാംകുടി |
| 45 | ഇടുക്കി | അടിമാലി | ചിന്നപ്പാറക്കുടി |
| 46 | ഇടുക്കി | അടിമാലി | ഒഴുവത്തടം |
| 47 | ഇടുക്കി | അടിമാലി | പടിക്കപ്പ് |
| 48 | ഇടുക്കി | അടിമാലി | കൊന്നത്തടി |
| 49 | ഇടുക്കി | അടിമാലി | ചാറ്റുപാറ |
| 50 | ഇടുക്കി | ബൈസൻവാലി | കോമാളിക്കുടി |
| 51 | ഇടുക്കി | അടിമാലി | കൊരങ്ങാട്ടി |
| 52 | ഇടുക്കി | അടിമാലി | പെട്ടിമുടി |
| 53 | ഇടുക്കി | അടിമാലി | മച്ചിപ്ലാവ് |
| 54 | ഇടുക്കി | മറയൂർ | ചെറുവാട് |
| 55 | ഇടുക്കി | കാന്തല്ലൂർ | കുളച്ചിവയൽ |
| 56 | ഇടുക്കി | മറയൂർ | പെരിയകുടി |
| 57 | ഇടുക്കി | വെള്ളിയാമറ്റം | മേത്തൊട്ടി |
| 58 | ഇടുക്കി | വെള്ളിയാമറ്റം | കൂവക്കം |
| 59 | ഇടുക്കി | കാഞ്ചിയാർ | കോഴിമല |
| 60 | ഇടുക്കി | കഞ്ഞിക്കുഴി | മഴുവടി ഉമ്മൻ ചാടി കോളനി |
| 61 | ഇടുക്കി | കുമളി | മന്നാക്കുടി |
| 62 | ഇടുക്കി | കഞ്ഞിക്കുഴി | പഴയരിക്കം |
| 63 | ഇടുക്കി | വാഴത്തോപ്പ് | വട്ടമേട് കോളനി |
| 64 | ഇടുക്കി | മറയൂർ | കുമ്മിട്ടാൻകുഴി |
| 65 | ഇടുക്കി | കാന്തല്ലൂർ | ചൂരക്കുളം |
| 66 | ഇടുക്കി | അടിമാലി | ചൂരക്കട്ടൻ |
| 67 | ഇടുക്കി | അടിമാലി | തട്ടേക്കണ്ണൻ |
| 68 | ഇടുക്കി | ബൈസൺവാലി | ചൊക്രാമുടി (അംഗൻവാടി) |
| 69 | ഇടുക്കി | ചിന്നക്കനാൽ | സിങ്കുകുടി |
| 70 | ഇടുക്കി | മാങ്കുളം | താളുക്കം |
| 71 | ഇടുക്കി | മാങ്കുളം | വേലിയംപാറ |
| 72 | എറണാകുളം | കുട്ടമ്പുഴ | ഇളമ്പ്ളാശ്ശേരി |
| 73 | എറണാകുളം | കുട്ടമ്പുഴ | വെള്ളാരംകുത്ത് |

| | | | |
|---|---|---|---|
| 74 | എറണാകുളം | കുട്ടമ്പുഴ | പിണവൂർക്കുടി |
| 75 | തൃശ്ശൂർ | കോടശ്ശേരി | മാരാങ്കോട് |
| 76 | തൃശ്ശൂർ | മറ്റത്തൂർ | ആനപ്പാന്തം |
| 77 | തൃശ്ശൂർ | പാണഞ്ചേരി | മണിയൻ കിണർ |
| 78 | തൃശ്ശൂർ | പാണഞ്ചേരി | പൂവൻ ചിറ |
| 79 | തൃശ്ശൂർ | പാണഞ്ചേരി | താമരവെള്ളച്ചാൽ |
| 80 | തൃശ്ശൂർ | കോടശ്ശേരി | രുകൈ |
| 81 | തൃശ്ശൂർ | താണഞ്ചേരി | പയ്യനം |
| 82 | പാലക്കാട് | അഗളി | ഗുഡ്ഡയ്യൂർ |
| 83 | പാലക്കാട് | അഗളി | പട്ടിമാളം |
| 84 | പാലക്കാട് | അഗളി | നരസിമുക്ക് |
| 85 | പാലക്കാട് | അഗളി | വെള്ളമാരി |
| 86 | പാലക്കാട് | അഗളി | നെല്ലിപ്പതി |
| 87 | പാലക്കാട് | അഗളി | കൊല്ലങ്കടവ് |
| 88 | പാലക്കാട് | അഗളി | ദൂർ |
| 89 | പാലക്കാട് | അഗളി | അഗളി മേലെ ഊര് |
| 90 | പാലക്കാട് | അഗളി | ചെമ്മണ്ണൂർ ഊര് |
| 91 | പാലക്കാട് | അഗളി | വാകോട്ടത്തറ ഊര് |
| 92 | പാലക്കാട് | ~~അഗളി~~ | ~~മേട്ടുവഴി ഊര്~~ |
| 93 | പാലക്കാട് | പുതൂർ | സ്വർണ്ണഗദ്ധ |
| 94 | പാലക്കാട് | പുതൂർ | തച്ചംപാടി |
| 95 | പാലക്കാട് | പുതൂർ | ബൊമ്മിയാംപടി |
| 96 | പാലക്കാട് | പുതൂർ | പാടവയൽ |
| 97 | പാലക്കാട് | പുതൂർ | ആനക്കൽ |
| 98 | പാലക്കാട് | പുതൂർ | ഉമ്മത്താംപടി |
| 99 | പാലക്കാട് | പുതൂർ | പുതൂർ ഊര് |
| 100 | പാലക്കാട് | ഷോളയൂർ | വയ്യല്ലൂർ |
| 101 | പാലക്കാട് | ഷോളയൂർ | ഗോഞ്ചിയൂർ |
| 102 | പാലക്കാട് | ഷോളയൂർ | ബോഡിച്ചാള |
| 103 | പാലക്കാട് | ഷോളയൂർ | വെള്ളംകുളം |
| 104 | പാലക്കാട് | ഷോളയൂർ | വണ്ണാന്തറ |
| 105 | പാലക്കാട് | ഷോളയൂർ | വെച്ചപ്പതി |
| 106 | പാലക്കാട് | ഷോളയൂർ | തെക്കെപുതൂർ ചാവടിയൂർ |
| 107 | പാലക്കാട് | പുതുശ്ശേരി | നടുപ്പതി (സ്കൂൾ കെട്ടിടം) |
| 108 | പാലക്കാട് | മലമ്പുഴ | ആനക്കൽ (സ്കൂൾ കെട്ടിടം) |
| 109 | പാലക്കാട് | തെങ്കര | ആനമൂളി |
| 110 | പാലക്കാട് | പെരുമാട്ടി | സർക്കാർപതി |
| 111 | പാലക്കാട് | മുതലമട | അംബേദ്കർ കോളനി |
| 112 | പാലക്കാട് | മുതലമട | ചപ്പക്കാട് ലക്ഷംവീട് (അംഗൻവാടി) |
| 113 | പാലക്കാട് | മുതലമട | പറമ്പികുളം (സുങ്കം) |
| 114 | പാലക്കാട് | ഷോളയൂർ | കള്ളത്തര |
| 115 | പാലക്കാട് | ഷോളയൂർ | ഷോളയൂർ |

| | | | |
|---|---|---|---|
| 116 | പാലക്കാട് | ഷോളയൂർ | വരഗംപാടി |
| 117 | പാലക്കാട് | ഷോളയൂർ | നല്ലശിങ്ക |
| 118 | പാലക്കാട് | ഷോളയൂർ | കൊളപ്പടി |
| 119 | പാലക്കാട് | അഗളി | ഭൂതിവഴി |
| 120 | പാലക്കാട് | അഗളി | ചിങ്കത്തി |
| 121 | പാലക്കാട് | അഗളി | കാരറ |
| 122 | പാലക്കാട് | അഗളി | നക്കുപതി ഊര് |
| 123 | പാലക്കാട് | അഗളി | അടിയക്കിയൂർ |
| 124 | പാലക്കാട് | അഗളി | കതിരംപതി |
| 125 | പാലക്കാട് | അഗളി | മാമണ |
| 126 | പാലക്കാട് | പുതൂർ | ഇലച്ചിവഴി |
| 127 | പാലക്കാട് | പുതൂർ | കാരത്തൂർ |
| 128 | പാലക്കാട് | പുതൂർ | ഉമ്മത്താംപടി |
| 129 | പാലക്കാട് | പുതൂർ | മൂലക്കൻ |
| 130 | പാലക്കാട് | പുതൂർ | മേലെമുള്ളി |
| 131 | പാലക്കാട് | പുതൂർ | പാലൂർ |
| 132 | കോഴിക്കോട് | വാണിമേൽ | അടുപ്പിൽ കോളനി |
| 133 | കോഴിക്കോട് | വാണിമേൽ | മാടാഞ്ചേരി കോളനി |
| 134 | കോഴിക്കോട് | കോട്ടൂർ | ചെങ്ങോട്ടുമല കോളനി |
| 135 | കോഴിക്കോട് | നരിപ്പറ്റ | വായാട് കോളനി |
| 136 | കോഴിക്കോട് | നന്മ | പെരിങ്ങോട്മല കോളനി |
| 137 | കോഴിക്കോട് | മടവൂർ | കാമ്പ്രത്ത്കുന്ന് കോളനി |
| 138 | കോഴിക്കോട് | ചക്കിട്ടപ്പാറ | കുളത്തൂർ നരേന്ദ്രദേവ് |
| 139 | കോഴിക്കോട് | മരുതോംകര | കുടിൽപ്പാറ |
| 140 | കോഴിക്കോട് | കോടഞ്ചേരി | വട്ടച്ചിറ |
| 141 | മലപ്പുറം | കരുളായി | നെടുങ്കയം |
| 142 | മലപ്പുറം | ചോക്കാട് | ചോക്കാട് കോളനി (സ്കൂൾ കെട്ടിടം) |
| 143 | മലപ്പുറം | അമരമ്പലം | പാട്ടക്കരിമ്പ് (ബദൽ സ്കൂൾ) |
| 144 | മലപ്പുറം | പോത്തുകാൽ | അപ്പംകാപ്പ് കോളനി (കമ്മ്യൂണിറ്റി സെന്റർ) |
| 145 | മലപ്പുറം | ചാലിയാർ | പെരുവമ്പാടം (ബദൽ സ്കൂൾ) |
| 146 | മലപ്പുറം | എടക്കര | മലച്ചി കോളനി (കമ്മ്യൂണിറ്റി ഹാൾ) |
| 147 | മലപ്പുറം | ചുങ്കത്തറ | പള്ളിക്കുത്ത്(കമ്മ്യൂണിറ്റി സെന്റർ) |
| 148 | വയനാട് | തിരുനെല്ലി | കക്കേരി കോളനി |
| 149 | വയനാട് | തിരുനെല്ലി | നാരങ്ങാകുന്ന് |
| 150 | വയനാട് | തിരുനെല്ലി | പ്ലാമൂലകോളനി |
| 151 | വയനാട് | തിരുനെല്ലി | ബേഗൂർകോളനി |
| 152 | വയനാട് | തിരുനെല്ലി | നാഗമന |
| 153 | വയനാട് | തിരുനെല്ലി | ഓലഞ്ചേരി |
| 154 | വയനാട് | തിരുനെല്ലി | പനവല്ലി |
| 155 | വയനാട് | തൊർനാട് | എട്ടിലാറ്റിൽ കോളനി |

| | | | |
|---|---|---|---|
| 156 | വയനാട് | വെള്ളമു | നാരോക്കടവ് |
| 157 | വയനാട് | തിരുനെല്ലി | മഢ്യപ്പാടി കോളനി |
| 158 | വയനാട് | തിരുനെല്ലി | ആല്ലൂർ |
| 159 | വയനാട് | നെന്മേനി | കോളിമൂല |
| 160 | വയനാട് | പുതാടി | ഇരുളം |
| 161 | വയനാട് | പുതാടി | എലക്കൊല്ലി |
| 162 | വയനാട് | മീനങ്ങാടി | പന്തളം |
| 163 | വയനാട് | മീനങ്ങാടി | അത്തിക്കടവ കോളനി |
| 164 | വയനാട് | മീനങ്ങാടി | കൊളഗപ്പാറകുന്ന് കോളനി |
| 165 | വയനാട് | അമ്പലവയൽ | ചീങ്ങേരി |
| 166 | വയനാട് | അമ്പലവയൽ | അമ്പലക്കുന്ന് |
| 167 | വയനാട് | പുൽപ്പള്ളി | ബസവൻകൊല്ലി |
| 168 | വയനാട് | മുള്ളൻകൊല്ലി | മുതലിമാരൻ |
| 169 | വയനാട് | പുൽപ്പള്ളി | അച്ചിനഹള്ളി |
| 170 | വയനാട് | തിരുനെല്ലി | വരിനിലംകോളനി |
| 171 | വയനാട് | വെള്ളമു | മുയ്ക്കൽ കോളനി |
| 172 | വയനാട് | തൊർനാട് | എട്ടിലാറ്റിൽ |
| 173 | വയനാട് | പനമരം | മേലെകപ്പുംകുന്ന് കോളനി |
| 174 | വയനാട് | തവിഞ്ഞാൽ | ഇരുമനത്തൂർ പെരിയ |
| 175 | വയനാട് | എടവക | അഗ്രഹാരം പണിയ കോളനി |
| 176 | വയനാട് | എടവക | എറണക്കൽ |
| 177 | വയനാട് | മാനന്തവാടി | കാവുപുര |
| 178 | വയനാട് | മീനങ്ങാടി | ചന്തൻചിറ |
| 179 | വയനാട് | പുതാടി | മണൽവയൽ |
| 180 | വയനാട് | പുതാടി | താന്നിക്കുന്ന് |
| 181 | വയനാട് | അമ്പലക്കുന്ന് പണിയ | അമ്പലവയൽ |
| 182 | വയനാട് | സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി | ഓടപ്പള്ളം |
| 183 | വയനാട് | പുൽപ്പള്ളി | പാളക്കൊല്ലി |
| 184 | വയനാട് | പുൽപ്പള്ളി | മേലേകാപ്പ് |
| 185 | വയനാട് | പുൽപ്പള്ളി | ഫോറസ്റ്റ് വയൽ |
| 186 | വയനാട് | മുള്ളൻകൊല്ലി | കൊളവള്ളി |
| 187 | വയനാട് | കണിയാംമ്പറ്റ | പടിഞ്ഞാറെ വീട് കോളനി |
| 188 | വയനാട് | പടിഞ്ഞാറത്തറ | തിരുമംഗലം |
| 189 | വയനാട് | തരിയോട് | കമ്പനികുന്ന് |
| 190 | വയനാട് | പടിഞ്ഞാറത്തറ | അരിക്കളം |
| 191 | വയനാട് | കൊഴുകന | പുത്തൻവീട് |
| 192 | വയനാട് | കൽപ്പറ്റ മുൻസിപ്പാലിറ്റി | ഓണിവയൽ |
| 193 | വയനാട് | മേപ്പാടി | ജയ്ഹിന്ദ് കോളനി |
| 194 | വയനാട് | കോട്ടപ്പറ | രാജീവൻ നഗർ |
| 195 | കണ്ണൂർ | കോളയാട് | ചെക്യേരി |
| 196 | കണ്ണൂർ | കോളയാട് | കറ്റ്യാട് |
| 197 | കണ്ണൂർ | കോളയാട് | പാടിപ്പറമ്പ് |
| 198 | കണ്ണൂർ | കോളയാട് | കോഴിമൂല |

| | | | |
|---|---|---|---|
| 199 | കണ്ണൂർ | പാട്യം | കണ്ണവം കോളനി |
| 200 | കണ്ണൂർ | തൃപ്പങ്ങോട്ടൂർ | നരിക്കോട് |
| 201 | കണ്ണൂർ | ചിറ്റാരിപ്പറമ്പ് | പറമ്പുകാവ് |
| 202 | കണ്ണൂർ | ഉളിക്കൽ | പുറവയൽ അംബേദ്കർ കോളനി |
| 203 | കണ്ണൂർ | ആറളം | വിയറ്റ്നാം കോളനി |
| 204 | കണ്ണൂർ | പയ്യാവൂർ | വാതിൽമട കോളനി |
| 205 | കണ്ണൂർ | പയ്യാവൂർ | കരിമ്പി കോളനി |
| 206 | കണ്ണൂർ | എരുവേശ്ശി | അരീക്കമല കോളനി |
| 207 | കണ്ണൂർ | എരുവേശ്ശി | കുനിയംപുഴ കോളനി |
| 208 | കണ്ണൂർ | ചെറുപുഴ | ഭൂദാനം |
| 209 | കണ്ണൂർ | ചെറുപുഴ | കുരേി |
| 210 | കണ്ണൂർ | ആലക്കോട് | കൂളാമ്പി |
| 211 | കണ്ണൂർ | ആലക്കോട് | കാവുംകുടി |
| 212 | കണ്ണൂർ | ചെങ്ങളായി | തോപ്പിലായി |
| 213 | കണ്ണൂർ | നടുവിൽ | കോട്ടയംതട്ട് |
| 214 | കണ്ണൂർ | കാണിച്ചാർ | ചെങ്ങോം |
| 215 | കണ്ണൂർ | കാണിച്ചാർ | കാടൻമല |
| 216 | കണ്ണൂർ | കോളയാർ | മണ്ഡപം കോളി |
| 217 | കണ്ണൂർ | നടുവിൽ | ഉത്തൂർ കോളനി |
| 218 | കണ്ണൂർ | പടിയൂർ | ചടച്ചികും കോളനി |
| 219 | കണ്ണൂർ | ആറളം | ചങ്കായത്തോട് |
| 220 | കണ്ണൂർ | പേരാവൂർ | എടപ്പാറ |
| 221 | കാസർഗോഡ് | വോർക്കാടി | കത്തേരിക്കോടി |
| 222 | കാസർഗോഡ് | ബദിയടുക്ക | ദേവരക്കര |
| 223 | കാസർഗോഡ് | ബേഡഡുക്ക | ചെമ്പക്കാട് |
| 224 | കാസർഗോഡ് | ബേഡഡുക്ക | അമ്മംകല്ല് |
| 225 | കാസർഗോഡ് | ബേഡഡുക്ക | കടുവനത്തൊട്ടി |
| 226 | കാസർഗോഡ് | കുറ്റിക്കോൽ | പയ്യങ്ങാനം |
| 227 | കാസർഗോഡ് | കുറ്റിക്കോൽ | തവനം |
| 228 | കാസർഗോഡ് | ചെങ്കള | പീലിക്കുഡ്ലു |
| 229 | കാസർഗോഡ് | ദേലംപാടി | പള്ളഞ്ചി |
| 230 | കാസർഗോഡ് | പനത്തടി | പാറക്കടവ് |
| 231 | കാസർഗോഡ് | കള്ളാർ | ഒക്ലാവ് |
| 232 | കാസർഗോഡ് | കോടോം ബേളൂർ | തുങ്ങൽ വെള്ളരിക്കുു് |
| 233 | കാസർഗോഡ് | കോടോം ബേളൂർ | പാറക്കടവ് |
| 234 | കാസർഗോഡ് | കോടോം ബേളൂർ | സർക്കാരി |
| 235 | കാസർഗോഡ് | ബളാൽ | പയാളം |
| 236 | കാസർഗോഡ് | ബളാൽ | ചെരുമ്പക്കോട് |
| 237 | കാസർഗോഡ് | ഈസ്റ്റ് എളേരി | നിരത്തുംതട്ട് |
| 238 | കാസർഗോഡ് | ഈസ്റ്റ് എളേരി | സർക്കാരി |
| 239 | കാസർഗോഡ് | കിനാനൂർ കരിന്തളം | പന്നിത്തടം |
| 240 | കാസർഗോഡ് | കിനാനൂർ കരിന്തളം | ടി.ആർ.ഡി.എം കിനാനൂർ |
| 241 | കാസർഗോഡ് | വെസ്റ്റ് എളേരി | താലോലപ്പൊയിൽ |
| 242 | കാസർഗോഡ് | പുല്ലൂർ പെരിയ | ആയംമ്പാറ ബന്നൂർ |

| | | | |
|---|---|---|---|
| 243 | കാസർഗോഡ് | അജാനൂർ | വെള്ളംതട്ട |
| 244 | കാസർഗോഡ് | മടിക്കൈ | നാര നിടുംതുടുപ്പ് |
| 245 | കാസർഗോഡ് | വെസ്റ്റ് എളേരി | തൊട്ടി |
| 246 | കാസറഗോഡ് | വെസ്റ്റ് എളേരി | കടുമേനി |
| 247 | കാസറഗോഡ് | മടിക്കൈ | കുന്നേ കുൻവയൽ |
| 248 | കാസറഗോഡ് | കള്ളാർ | ചെറുപനത്തടി |
| 249 | കാസറഗോഡ് | കുമ്പള | മാവിനക്കട്ടെ |
| 250 | കാസറഗോഡ് | കുറ്റിക്കോൽ | കളക്കര |

## അനുബന്ധം -4

## പുതിയതായി സാമൂഹ്യമുറികൾ സ്ഥാപിക്കുന്നതിനായി

## തെരഞ്ഞെടുത്ത ഊരുകളുടെ എണ്ണം

| ക്രമനം | പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ | സാമൂഹ്യമുറികളുടെ സജ്ജീകരണത്തിന് കെട്ടിടസൗകര്യം ഇല്ലാത്ത ഊരുകളുടെഎണ്ണം | സാമൂഹ്യമുറികളുടെ സജ്ജീകരണത്തിന് കെട്ടിടസൗകര്യം ലഭ്യമായ ഊരുകളുടെഎണ്ണം |
|---|---|---|---|
| 1. | അട്ടപ്പാടി | 6 | 18 |
| 2. | പാലക്കാട് | 0 | 8 |
| 3. | കണ്ണൂർ | 6 | 20 |
| 4. | കൽപ്പറ്റ | 64 | 14 |
| 5. | മാനന്തവാടി | 0 | 5 |
| 6. | ഇടുക്കി | 0 | 2 |
| 7. | അടിമാലി | 23 | 4 |
| 8. | നെടുമങ്ങാട് | 9 | 5 |
| 9. | റാന്നി | 1 | 2 |
| 10. | കാസർഗോഡ് | 0 | 30 |
| 11. | കാഞ്ഞിരപ്പള്ളി | 0 | 15 |
| 12. | ചാലക്കുടി | 0 | 2 |
| 13. | പുനലൂർ | 2 | 0 |
| 14. | മൂവാറ്റുപുഴ | 1 | 0 |
| 15. | നിലമ്പൂർ | 0 | 0 |
| 16. | കോഴിക്കോട് | 0 | 0 |
| 17. | സുൽത്താൻബത്തേരി | 2 | 0 |
| | ആകെ | **114** | **125** |